II ഇ.ബി. XIV - കേരള നിയമസഭ/XVI-11

## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 12, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

28 (*331) കിഫ്ബി, കിയാൽ എന്നിവയിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, സി.&എ.ജി.-യുടെ കടമകളും അധികാരങ്ങളും സേവനങ്ങളുടെ വ്യവസ്ഥകളും സംബന്ധിക്കുന്ന ആക്ടിലെ സെക്ഷൻ 14 (1) പ്രകാരം കിഫ്ബിയിൽ ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും തദവസരത്തിൽ കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ ഉൾപ്പെടെയുള്ള എല്ലാ രേഖകളും പരിശോധിക്കുകയും ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

കണ്ണൂർ വിമാനത്താവള കമ്പനിയുടെ ഓഹരിയിൽ 32.99 ശതമാനം മാത്രമാണ് സംസ്ഥാനത്തിനുള്ളതെന്നും അതുകൊണ്ടുതന്നെ ഡയറക്ടർ ബോർഡിലെ നിയമനങ്ങളിലും മൂന്നിലൊന്ന് പ്രാതിനിധ്യമെന്നുള്ളതല്ലാതെ മറ്റ് അവകാശങ്ങളൊന്നും സർക്കാരിനില്ലാത്തതിനാലും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും കിയാലിന്റെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് സി.&എ.ജി.-ക്ക് അധികാരമില്ലെന്ന് വ്യക്തമായിരിക്കെ സെക്ഷൻ 20(2) പ്രകാരം ഓഡിറ്റ് നടത്തണമെന്ന പ്രതിപക്ഷാംഗങ്ങളുടെ ആവശ്യം പുകമറ സൃഷ്ടിക്കുന്നതിനുവേണ്ടിയാണെന്ന് മന്ത്രി അറിയിച്ചു. കിഫ്ബി ഔട്ട്സോഴ്സ് ചെയ്തുകൊടുക്കുന്ന പ്രവൃത്തികൾ പരിശോധിക്കാനും തീരുമാനമെടുക്കാനും സംവിധാനമുണ്ടെന്നും കിഫ്ബിയിൽ ഉൾപ്പെടുത്താത്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താനാകുമോയെന്ന് പരിശോധിക്കുന്നതാണെന്നും വിമാനയാത്രാ നിരക്ക് കുറയ്ക്കണമെന്ന് കിയാലിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

29 (*332) <u>പരിസ്ഥിതി ലോല മേഖലയിലെ ക്വാറി, ക്രഷർ യൂണിറ്റുകൾ</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവയ്ക്ക് ചുറ്റുമായി പത്ത് കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിലനിർത്തണമെന്ന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം കേരളത്തിനും ബാധകമായതിനാൽ പ്രസ്തുത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ പരിസ്ഥിതി സംവേദക മേഖലയായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് ഖനനം നടത്താൻ ലൈസൻസ് നൽകുന്നതിന് മൈനിംഗ് ആന്റ് ജിയോളജി, പെട്രോളിയം ആന്റ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തദ്ദേശഭരണം എന്നിവയുടെ കർശന പരിശോധന ആവശ്യമാണെന്നും ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണെന്നും 2018-നുശേഷം 174 പ്രദേശങ്ങളിൽ ലൈസൻസ് കൊടുത്തിട്ടുണ്ടെന്നും അനധികൃത ക്വാറികൾ

പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണെന്നും കവളപ്പാറയിൽ 20 കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത T 4029 മുതൽ 4369 വരെയുള്ള ചോദ്യങ്ങളിൽ 75 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)